# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6351 21.11.2019 ൽ മറുപടിക്ക്

### റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്നാണ് നിലവിൽ വന്നത്; വിശദവിവരം നൽകാമോ; | എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്റ്റേറ്റ് ഹൈവേകളും, മേജർ ജില്ലാ റോഡുകളും പുരുദ്ധരിക്കുന്നതിന് വേണ്ടി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആന്യുറ്റി മോഡിൽ രൂപം കൊടുത്ത പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി). 02.02.2012-ലെ ജി.ഒ(എം.എസ്സ്) നം. 15/2012/പൊ.മ.വ ഉത്തരവ് പ്രകാരം സംസ്ഥാന റോഡു വികസന പദ്ധതി (എസ്.ആർ.ഐ.പി)ക്ക് സർക്കാർ ഭരണാനുമതി നൽകുകയും സംസ്ഥാന റോഡു വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രത്യേക ദൗത്യ സ്ഥാപനമായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) എന്ന പേരിൽ കമ്പനി രൂപീകരിക്കുവാൻ അനുമതി നൽകുകയും ചെയ്തു. അതിൻ പ്രകാരം 19.03.2012 തീയതിയിൽ "കമ്പനീസ് ആക്ട് പ്രകാരം" റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. കമ്പനിയുടെ 51% ഓഹരി മൂലധനമായ 25,50,000/- രൂപ (2550 രൂപ ഓഹരികൾ) കേരള സർക്കാരിനു വേണ്ടി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പേരിലും, 49% ഓഹരി മൂലധനതുകയായ 24,50,000/- രൂപ (2450 ഓഹരികൾ) കേരള റോഡ് ഫണ്ട് ബോർഡിന് വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ പേരിലും രജിസ്റ്റർ ചെയ്യുകയുണ്ടായി. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത കമ്പനി നാളിതുവരെ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | ബി) & സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ഓരോ പ്രവൃത്തിയുടെയും പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന റോഡ് പ്രവൃത്തികൾ

പാക്കേജ് (എ)

| | | |
|---|---|---|
| 1. | വിദ്യാനഗർ–സീതാംഗോളി റോഡ് | – 9.40 കി.മീ |
| 2. | ഉപ്പള–കനിയാന റോഡ് | –15.6 കി.മീ |
| | ആകെ | 25 കി.മീ |

പാക്കേജ് (ബി)

| | | |
|---|---|---|
| 1. | വെള്ളനാട് -ചെറ്റച്ചൽ റോഡ് | - 21.90 കി.മീ |
| 2. | കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് | - 36.10 കി.മീ |
| | ആകെ | 58.00 കി.മീ |

സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് പദ്ധതികൾ

1. കരമന -വെള്ളറട റോഡ് (35 .5 കി.മീ )
2. വൈപ്പിൻ-മുനമ്പം-റോഡ് (25 .5 കി.മീ )
3. ആലപ്പുഴ- തണ്ണീർമുക്കം- മധുര റോഡ് (23 .60 കി.മീ )
4. കായംകുളം നഗരവികസനവും ഫ്ളൈഓവർ നിർമ്മാണവും

II. 2016-17 കിഫ്ബി ഫണ്ട് പ്രകാരം റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. കോഴിക്കോട്-ബാലുശ്ശേരി റോഡ് (20.32കി.മീ)
2. ഈരാറ്റുപേട്ട-വാഗമൺ റോഡ് (23.80 കി.മീ)
3. തിരുവല്ല-മല്ലപ്പള്ളി റോഡ് (20.40 കി.മീ)

III. 2017-18 കിഫ്ബി ഫണ്ട് പ്രകാരം റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. വൈക്കം -ടോൾ-ചെമ്മനകരി റോഡ്- ( 7.10 കി.മീ )
2. മുഹമ്മ-തണ്ണീർമുക്കം-കായൽത്തീര റോഡ് (11 കി.മീ )

ചോദ്യം (സി):- ഓരോ പ്രവൃത്തിയുടെയും പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ ?

ഉത്തരം(ഡി):-

സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന റോഡ് പ്രവൃത്തികൾ

പൈലറ്റ് പ്രൊജക്റ്റ് ആയി അഞ്ച് റോഡുകൾ താഴെപ്പറയും പ്രകാരം പുനരുദ്ധാരണ പ്രവർത്തികൾക്കായി സർക്കാർ അനുമതി നൽകി (22/05/2015–ലെ ജി.ഒ(എം.എസ്സ്)നം.43/2015/പൊ.മ.വ).

പാക്കേജ് (എ)

| | | |
|---|---|---|
| 1. | വിദ്യാനഗർ–സീതാംഗോളി റോഡ് | – 9.40 കി.മീ |
| 2. | ഉപ്പള–കനിയാന റോഡ് | –15.6 കി.മീ |
| 3. | താഴെ ചൊവ്വ–മട്ടന്നൂർ റോഡ് | –23.20 കി.മീ |

ആകെ 48.20 കി.മീ

പാക്കേജ് (ബി)

1. വെള്ളനാട് -ചെറ്റച്ചൽ റോഡ് - 21.90 കി.മീ
2. കാഞ്ഞിരപ്പള്ളി -കാഞ്ഞിരംകവല റോഡ് - 36.10 കി.മീ

ആകെ 58.00 കി.മീ

പാക്കേജ് (എ)-യിലേയും പാക്കേജ് (ബി)-യിലേയും മൊത്തം 106.20 കിമീ റോഡുകൾക്കാണ് അനുമതി ലഭിച്ചത്. എന്നാൽ പാക്കേജ് (എ) ൽ വന്ന താഴെ ചൊവ്വ–മട്ടന്നൂർ റോഡ് നാഷണൽ ഹൈവേയുടെ ഭാഗം ആയതിനാൽ പാക്കേജ് (എ) മോഡിഫൈഡ് ചെയ്ത ഉപ്പള–കനിയാന റോഡും, വിദ്യാനഗർ–സീതാംഗോളി റോഡും ചേർന്ന് മോഡിഫൈഡ് ചെയ്ത പാക്കേജ് (എ)-യും പാക്കേജ് (ബി)-യും ടെണ്ടർ ചെയ്തു. പാക്കേജ് (എ) ഒരു വർഷത്തെ പ്രവൃത്തി കാലാവധിയും 14 വർഷത്തെ പരിപാലനനവും അടങ്ങുന്ന കരാർ M/s.റോഹൻ രാജ്ദീപ് കേരള റോഡ് പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനി ഏറ്റെടുക്കുകയും ഒരു വർഷം കൊണ്ട് പ്രവൃത്തി പൂർത്തിയാക്കി നവംബർ 2017-ന് ട്രാഫിക്കിന് തുറന്നു കൊടുക്കുകയും ചെയ്തു. ബഹുമാനപെട്ട പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ഉദ്ഘാടാനം ചെയ്തു. ഇതിന്റെ പ്രവർത്തനവും പരിപാലനവും നടന്നു കൊണ്ടിരിക്കുകയാണ്.

പാക്കേജ്–ബി M/s. ഇൻകെൽ ഇ.കെ.കെ റോഡ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി 2 വർഷത്തെ പ്രവൃത്തി 27.10.2018 ന് പൂർത്തീകരിക്കുകയും 03.02.2019 ന് ബഹു: പൊതുമരാമത്ത് വകുപ്പ് മന്ത്രി കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഇതിന്റെ 13 വർഷത്തെ പ്രവർത്തനവും പരിപാലനവും നടന്നു കൊണ്ടിരിക്കുകയാണ്.

2 **കരമന -വെള്ളറട റോഡ് (35 .5 കി.മീ )**

**സർക്കാർ ഉത്തരവ്.(ആർ.ടി)നമ്പർ.335/2016/പൊ.മ.വ** പ്രകാരം ടി റോഡിന്റെ വികസന പ്രവർത്തങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി 21.448 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. റോഡ് വികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ച് വരുന്നു തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 6(1) നോട്ടിഫിക്കേഷൻ എൽ.എ.(2) 545/2016 തീയതി: 16.03.2017 എന്ന നമ്പരിൽ കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു, 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച ആദ്യത്തെ 5.5 കി.മീ 4 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. കൂടാതെ റവന്യൂ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥല പരിശോധന 5.50 കി.മീ മുതൽ 35.50 കി.മീ വരെയും പൂർത്തിയായിട്ടുണ്ട് . സംയുക്ത സ്ഥലപരിശോധനയിൽ കാണാതായ അതിർത്തികല്ലുകൾ 5.50 കി.മീ മുതൽ 20 കി.മീ വരെ പുനഃസ്ഥാപിക്കുകയും 20 കി.മീ മുതൽ 35.50 കി.മീ വരെ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ആദ്യത്തെ 5.50 കിലോമീറ്ററിൽ സാമൂഹിക പാരിസ്ഥിതിക പഠനം റവന്യൂ വകുപ്പ് നടത്തിക്കഴിഞ്ഞു. ആദ്യ റീച്ചിന്റെ ബാക്കി ഭാഗം (20 കി.മീ വരെ) സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി

ടെണ്ടർ നടപടികൾ പൂർത്തിയാവുകയും ഉടൻ തന്നെ പഠനം നടത്തുന്നതുമാണ് കരമന-വെള്ളറട റോഡിന്റെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഡിസൈൻ വിഭാഗം കരമന-വെള്ളറട റോഡിന്റെ എസ്റ്റിമേറ്റ് തുക 225.3 കോടി ചെലവ് വരുന്ന ഡി.പി.ആർ തയ്യാറാക്കി ഈ ഓഫീസിൽ 06.11.2019 ന് സമർപ്പിച്ചിട്ടുണ്ട് .

3. **വൈപ്പിൻ-മുനമ്പം-റോഡ് (25 .5 കി.മീ )**

10/11/2017-ലെ ജി.ഒ(ആർ.റ്റി)നം.1675/2017/പൊ.മ.വ ഉത്തരവ് പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ റോഡിന്റെ വികസനം പൊതുമരാമത്ത് വകുപ്പിന്റെ ബജറ്റ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ, റിക്ക് ലിമിറ്റഡ് ഈ പ്രവൃത്തി ചെയ്യേണ്ടതില്ലെന്ന് 26.06.2019 ന് നടന്ന യോഗത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി അറിയിക്കുകയുണ്ടായി.

4. **ആലപ്പുഴ- തണ്ണീർമുക്കം- മധുര റോഡ് (23 .60 കി.മീ )**

10/11/2017-ലെ ജി.ഒ(ആർ.റ്റി)നം.1675/2017/പൊ.മ.വ ഉത്തരവ് പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് . 07.02.2019 ന് നടന്ന ഡയറക്ടർ ബോർഡിന്റെ 34-ാമത് യോഗം ഈ റോഡ് പ്രവൃത്തി ഉപേക്ഷിക്കാൻ തീരുമാനിച്ചു.

5. **കായംകുളം നഗരവികസനവും ഫ്ളൈഓവർ നിർമ്മാണവും**

07.02.2019 ന് നടന്ന ഡയറക്ടർ ബോർഡിന്റെ 34-ാമത് യോഗം ഈ റോഡ് പ്രവൃത്തി ഉപേക്ഷിക്കാൻ തീരുമാനിച്ചു.

## II. <u>2016-17 ബഡ്ജറ്റ് പ്രകാരം റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. **കോഴിക്കോട്-ബാലുശ്ശേരി റോഡ് (20.32കി.മീ)**
2. **ഈരാറ്റുപേട്ട-വാഗമൺ റോഡ് (23.80 കി.മീ)**
3. **തിരുവല്ല-മല്ലപ്പള്ളി റോഡ് (20.40 കി.മീ)**

മേൽപ്പറഞ്ഞ മൂന്ന് റോഡുകളുടെ കിഫ്ബി ധനസഹായത്തോടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് റിക്ക് ലിമിറ്റഡിനെ പ്രത്യേക ദൗത്യ സ്ഥാപനമായി (SPV) നിയോഗിച്ചുകൊണ്ട് **11.12.2016ലെ സർക്കാർ ഉത്തരവ്** (സാധാ) **നമ്പർ.1687/2016/പൊ.മ.വ** പ്രകാരം സർക്കാർ **ഉത്തരവായിട്ടുള്ളതാണ്.**

1. **കോഴിക്കോട്-ബാലുശ്ശേരി റോഡ് (20.32കി.മീ) - കോഴിക്കോട് ജില്ല**

കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിന് റിക്ക് മുഖേന തയ്യാറാക്കിയ വിശദമായ പ്രോജെക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 21.12.2017 ലെ ഉത്തരവ് നമ്പർ APR-2/330/2017/KIIFB പ്രകാരം പ്രസ്തുത റോഡിന് 88.92 കോടി രൂപയുടെ സാമ്പത്തിക

അനുമതി ലഭിച്ചിട്ടുണ്ട് . 424.87 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 3.26 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് (GO Rt No.803/2018/PWDdated:06.05.2018) പ്രകാരം ലഭിച്ചു കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ 6(1) നോട്ടിഫിക്കേഷൻ ഗസറ്റ് നമ്പർ.1569 പ്രകാരം 12.07.2019 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട് കോഴിക്കോട് -ബാലുശ്ശേരി റോഡിന്റെ ആദ്യത്തെ 4 കി.മീ കരപ്പറമ്പ് മുതൽ കക്കോടി പാലം വരെയുള്ള റൈറ്റ് ഓഫ് വേ കോഴിക്കോട് ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്നും ലഭിച്ച സിറ്റി മാസ്റ്റർ പ്ലാൻ പ്രകാരം 18 മീറ്ററിലേക്ക് കിഫ്ബിയിൽ നിന്നും ലഭിച്ച നിർദ്ദേശ പ്രകാരം മാറ്റുകയും അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു.റവന്യൂ വകുപ്പുമായുള്ള ജോയിന്റ് ഇൻസ്പെക്ഷൻ പുരോഗമിക്കുന്നു. 06.11.2019 ലെ സർക്കാർ ഉത്തരവ് നമ്പർ.76/2019 /ആർ.ഡി പ്രകാരം 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്

2. <u>ഈരാറ്റുപേട്ട-വാഗമൺ റോഡ് (23.80 കി.മീ)</u>

ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പുനരുദ്ധാരണത്തിന് റിക്ക് മുഖേന തയ്യാറാക്കിയ വിശദമായ പ്രോജെക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 21.12.2017 ലെ ഉത്തരവ് നമ്പർ APR-2/330/2017/KIIFB പ്രകാരം പ്രസ്തുത റോഡിന്റെ വികസന പ്രവൃത്തികൾക്ക് അംഗീകാരവും 63.99 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട് . 85.66 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 4.458 കോടി രൂപ ഭരണാനുമതി സർക്കാർ ഉത്തരവ് (G.O.Rt No.801/2018/PWD dated :06/05/2018) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട, തീക്കോയി എന്നീ വില്ലേജുകളുടെ 6(1) നോട്ടിഫിക്കേഷൻ നമ്പർ.1616 പ്രകാരം 14.06.2018 ന് ലഭ്യമായിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 420 ചതുരശ്ര മീറ്റർ സ്ഥലത്തിനുള്ള 6(1) ലഭിക്കുന്നതിനായി റിക്വസിഷൻ ഫോറം ഇടുക്കി കളക്ടർക്ക് 17.09.2018 ൽ സമർപ്പിച്ചിട്ടുണ്ട്. അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

3. <u>തിരുവല്ല-മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡ് (20.40 കി.മീ)</u>

തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണത്തിന് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി തയ്യാറാക്കിയ വിശദമായ പ്രോജെക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 21.12.2017 ലെ ഉത്തരവ് നമ്പർ APR-2/330/2017/KIIFB പ്രകാരം പ്രസ്തുത റോഡിന്റെ വികസന പ്രവൃത്തികൾക്ക് അംഗീകാരവും 81.57 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട് . 305.15 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 10.70 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ്.(സാ.ധാ) നമ്പർ.892/2018/പൊ.മ.വ തീയതി: 24.05.2018 പ്രകാരം ലഭ്യമായിട്ടുള്ളതാണ്. വിട്ടുപോയ തിരുവല്ല വില്ലേജും (950 ച.മീറ്ററും), നെടുകുന്നം വില്ലേജും (620ച.മീറ്ററും) കൂടി ഉൾപ്പെടുത്തി 19.02.2019 ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ.250/2019/പൊ.മ.വ പ്രകാരം വിട്ടുപോയ വില്ലേജുകൾ

ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട് 6(1) നോട്ടിഫിക്കേഷൻ നമ്പർ 2739 പ്രകാരം 5.11.2018 ന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് സ്ഥലവാസികളുടെ ഭീമമായ പരാതി ഉള്ളതിനാലും മല്ലപ്പള്ളി മുതൽ ചേലകൊമ്പ് വരെ ഇപ്പോൾ അംഗീകരിച്ച അലൈൻമെന്റ് കിഫ്ബിയുടെ സ്റ്റാൻഡേർഡ് ഡിസൈൻ പ്രകാരം അല്ലാത്തതിനാൽ ഡിസൈൻ അപ്ഗ്രഡേഷൻ ആവശ്യമുണ്ടോ എന്നതിനെപ്പറ്റിയും ഒരു ചർച്ച കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 29.10.2019 ന് കിഫ്ബി ഓഫീസിൽ വച്ച് നടന്നു ആയതിന്റെ മിനുട്സ് ലഭ്യമാകുന്ന മുറക്ക് പ്രവൃത്തി ത്വരിതപ്പെടുത്തുന്നതാണ്.

## III. **2017-18 ബഡ്ജറ്റ് പ്രകാരം റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

### 1. മുഹമ്മ-തണ്ണീർമുക്കം-കായൽത്തീര റോഡ് (11 കി.മീ)

മേൽപ്പറഞ്ഞ റോഡിന്റെ വികസന പ്രവൃത്തികൾ കിഫ്ബി ധനസഹായത്തോടെ നിർവഹിക്കുന്നതിന് റിക്ക് ലിമിറ്റഡിനെ SPV ആയി നിയോഗിച്ച് കൊണ്ട് 15.08.2017 ലെ സർക്കാർ ഉത്തരവ് നമ്പർ 1167/2017/പൊ.മ.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. 9.720 കി.മീ നീളം വരുന്ന ഈ റോഡ് മുഹമ്മ ജംഗ്ഷനിൽ നിന്നും ആരംഭിച്ച് ചേർത്തല താലൂക്കിലെ പ്രതീക്ഷ ജംഗ്ഷൻ, പ്രതിഭ ജംഗ്ഷൻ, പൂജാവേലി എന്നീ സ്ഥലങ്ങൾ ഉൾപ്പെട്ട് തണ്ണീർമുക്കം ജംഗ്ഷനിൽ അവസാനിക്കുന്നു. ഈ പദ്ധതിക്ക് 31,17,00,000/- കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജെക്ട് റിപ്പോർട്ട് ഫണ്ട് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ നോംസ് അനുസരിച്ചുള്ള 10 മീറ്റർ വീതി ഇല്ലാത്തതിനാൽ ഈ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല.

### 2. വൈക്കം -ടോൾ-ചെമ്മനകരി റോഡ്- ( 7.10 കി.മീ )

വൈക്കം-ടോൾ-ചെമ്മനകരി റോഡ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിന് വേണ്ടി സർക്കാർ ഉത്തരവ് നമ്പർ.1167/2017/പി.ഡബ്ല്യൂ.ഡി തീയതി: 05.08.2017 പ്രകാരം റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിനെ പ്രത്യേക ദൗത്യ സ്ഥാപനമായി നിയമിച്ചു.

വൈക്കം-ടോൾ-ചെമ്മനകരി റോഡിന്റെ ആകെ നീളം 7.10 കി.മീ ആണ്. എറണാകുളം, ഏറ്റുമാനൂർ, എൻ.എച്ച്.15 ൽ സ്ഥിതി ചെയ്യുന്ന വൈക്കം-ടോൾ ജംഗ്ഷനെ ചെമ്മനകരിയുമായി ബന്ധിപ്പിക്കുന്ന ഈ റോഡിന്റെ നാല് ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു .

1. വൈക്കം ടോൾ ജംഗ്ഷനിൽ നിന്ന് ചെമ്മന കരി കടത്ത് വരെ - 3.660 കിമീ.
2. ഷാപ്പ് ജംഗ്ഷൻ മുതൽ നിർദ്ദിഷ്ട അക്കരപ്പാടം പാലം വരെ - 1.482 കിമീ.

3. കൃഷ്ണപിള്ള ജംഗ്ഷൻ മുതൽ ഇൻഡോ അമേരിക്കൻ ആശുപത്രിവരെ - 1.184 കിമീ.

4. നിർദ്ദിഷ്ട അക്കരപ്പാടം പാലം മുതൽ നാനാടം - 0.777 കി മീ.

നിലവിലുള്ള പാത വളരെ വീതി കുറഞ്ഞതും അശാസ്ത്രീയമായ വളവുകൾ നിറഞ്ഞതും ആണ്. ഈ വളവുകൾ വാഹനങ്ങളുടെ സുഗമമായ യാത്രക്ക് തടസ്സമാണ്.

ഈ പദ്ധതിക്ക് 22,75,58,000/- കോടി രൂപയുടെ ഡീറ്റൈൽഡ് പ്രോജെക്ട് റിപ്പോർട്ട് ഫണ്ട് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ നോംസ് അനുസരിച്ചുള്ള 10 മീറ്റർ വീതി ഇല്ലാത്തതിനാൽ ഈ പദ്ധതിക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ